സീറോ ലാന്റ്‌ലെസ് പദ്ധതി

167 (1200) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീറോ ലാന്റ് ലെസ് പദ്ധതിപ്രകാരം (Zero Landless) പട്ടയം ലഭിച്ചവർക്ക് ഭൂമി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുട്ടനാട്ടിൽ പട്ടയം വിതരണം ചെയ്ത എത്രപേർക്ക് ഭൂമി ലഭിച്ചുവെന്നും ഇനി എത്രപേർക്ക് ലഭിക്കുവാനുണ്ടെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോടതി കേസുകൾ, തർക്കങ്ങൾ എന്നിവമൂലം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിച്ചിട്ടില്ലായെന്ന് ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പട്ടയം നൽകിയവർക്ക് ഭൂമിയുടെ കൈവശം വിട്ടുകൊടുക്കുന്ന നടപടി ജില്ലകളിൽ പുരോഗമിച്ചുവരുന്നു. കോടതിക്കേസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവയുടെ ഇടപെടലുകൾ എന്നിവമൂലം ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യങ്ങൾ സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നുണ്ട്.

(ബി) കുട്ടനാട് താലൂക്കിൽ പദ്ധതിയുടെ ഒന്നാം ഘട്ടമായി 51 ഗുണഭോക്താക്കൾക്ക് പട്ടയം വിതരണം ചെയ്തിരുന്നു. പട്ടയം നൽകിയ എല്ലാപേർക്കും ഭൂമി കൈമാറിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കൽ

168 (1201) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം നാളിതുവരെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ജില്ലകളിൽ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട് ;

(ബി) വിവിധ ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത് ; ഓരോ പദ്ധതിക്ക് ഏറ്റെടുത്ത ഭൂമിയുടെ വിസ്തൃതി എത്ര ;

(സി) ഓരോ പദ്ധതിക്കായി എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിച്ചിട്ടുണ്ട് ; ഓരോ പദ്ധതിക്കും ഭൂമി ഏറ്റെടുത്ത വകയിൽ എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട് ;

(ഡി) സർക്കാർ പദ്ധതികൾക്കല്ലാതെ മറ്റേതെങ്കിലും പദ്ധതികൾക്കായി ഭൂമി ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2011 മേയ് മാസത്തിനുശേഷം വിവിധ പദ്ധതികൾക്കുവേണ്ടി ഏറ്റെടുത്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(സി) വിവിധ പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണവും നഷ്ടപരിഹാരമായി നൽകിയ തുകയും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(ഡി) മലപ്പുറം ജില്ലയിൽ ആലത്തിയൂർ പെരുംതൃക്കോവിൽ ക്ഷേത്രത്തിനുവേണ്ടി ഭൂമി ഏറ്റെടുത്തിട്ടുണ്ട്. മറ്റെല്ലാം പൊതു ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഏറ്റെടുത്തിട്ടുള്ളത്.

വയൽ നികത്തൽ

169 (1202) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷങ്ങൾക്കുമുമ്പ് നികത്തിയ വയലുകൾ കരഭൂമിയായി പരിഗണിക്കാവുന്നതാണെന്ന നിർദ്ദേശം ദുരുപയോഗം ചെയ്യുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വയലുകളും തണ്ണീർത്തടങ്ങളും നീർച്ചാലുകളും വ്യാപകമായി നികത്തികര ഭൂമിയാക്കി മാറ്റുന്ന പ്രവണത തടയാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ ;

(സി) ഇത്തരം നികത്തൽ നടപടികൾക്ക് നിയന്ത്രണമേർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വർഷങ്ങൾക്കുമുമ്പ് നികത്തിയ വയലുകൾ കരഭൂമിയായി പരിഗണിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടില്ല. ആയതിനാൽ ദുരുപയോഗം ചെയ്യുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.